# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മംഗലപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.14/ 199/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മംഗലപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.14/ 199/2023 തീയ്യതി: 16/03/2023

## തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-01-2023 | 21-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 21-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജി.കെ. പ്രേംനാഥ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ. .എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുമ.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ജി.എൻ.ഹരികുമാർ | സെക്രട്ടറി | 01-04-2021 | 22-07-2021 |
| ശ്രീ.ജ്യോതിസ്.വി | സെക്രട്ടറി | 23-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അലക്സ് സജി. ജി.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മുംതാസ്.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സീന.എസ് | വി.ഇ.ഒ. സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീമതി. ലീജ .ജെ.ആർ | വി.ഇ.ഒ. സർക്കിൾ 2 | 01-04-2021 | 31-03-2022 |
| ശ്രീ.ജി.എൻ.ഹരികുമാർ | സെക്രട്ടറി | 01-04-2021 | 22-07-2021 |
| ശ്രീ. ജ്യോതിസ്.വി | സെക്രട്ടറി | 23-07-2021 | 31-03-2022 |
| ശ്രീ.സുഹാസ് ലാൽ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.മിനി.പി.മണി | മെഡിക്കൽ ഓഫിസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.പ്രിൻസി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 01-04-2021 | 09-12-2021 |
| ഡോ. ലിമ | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 10-12-2021 | 31-03-2022 |
| ശ്രീമതി. ബിന്ദുകുമാരി.എൽ.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി. കവിത.ആർ.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-07-2021 | 17-11-2021 |
| ശ്രീമതി. ഷംനാ ഖാൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-11-2021 | 31-03-2022 |
| ശ്രീമതി. അനിത. ആർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ദീപു.ബി.എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. എം.എൽ.രേണുക | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ. ആർ.വി. രഞ്ജിനി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമപദ്ധതികൾ | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശം | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - സംബന്ധിച്ച് - | 1-10 |
| 12 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ | 1-11 |
| 13 | പെട്രോൾ പമ്പ്, ഓഡിറ്റോറിയം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 14 | ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ എല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല | 1-13 |
| 15 | മാർക്കറ്റ് & ഷോപ്പിംഗ് കോംപ്ലക്സ് - തനതു വരുമാനം ഉയർത്തുവാൻ നടപടികൾ സ്വീകരിക്കണം | 1-14 |
| 16 | തൊഴിൽ നികുതി അപാകങ്ങൾ | 1-15 |
| 17 | ഓഡിറ്റോറിയം- ഹാൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 1-15-2 |
| 18 | ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല | 1-15-3 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകങ്ങൾ | 1-16 |
| 20 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-17 |
| 21 | കരാറിൽ ഏർപ്പെട്ടതിന്റെയും ആദായനികുതി ഈടാക്കിയതിന്റെയും രേഖകൾ ഇല്ല | 1-18 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | 1-19 |
| 23 | ജലജീവൻ പദ്ധതി-അപാകങ്ങൾ | 1-20 |
| 24 | GST-ടി.ഡി.എസ് കണക്കാക്കി ഈടാക്കിയില്ല. | 1-21 |
| 25 | പി.എച്ച്.സി.യുടെ വിവിധ പ്രോജക്ടുകൾക്ക് മരുന്ന് ലഭ്യമായിട്ടില്ല | 1-22 |
| 26 | ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം | 1-23 |
| 27 | പത്രപരസ്യം-ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല | 1-24 |
| 28 | അനുപൂരക പോഷകാഹാര പദ്ധതി -സ്റ്റോക്ക് രജിസ്റ്ററിലെ | 1-25 |

| | | |
|---|---|---|
| | രേഖപ്പെടുത്തലിൽ കൃത്യത ഇല്ല | |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 22.02.2021 തീയതിയിൽ നടന്ന ജനറൽ കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ പ്രതീക്ഷിത വരവ് 402687016/- രൂപയും, ആകെ ചെലവുകൾ 400495000/- രൂപയും നീക്കിയിരിപ്പ് 2192016/- രൂപയുമാണ്. 08.03.2022 ലെ ജനറൽ കമ്മിറ്റിയുടെ തീരുമാന നമ്പർ 1/1 പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 27.07.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/19.01.2023 എന്നിവയ്ക്ക് ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ. എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ACR | 18345434 | 18323424 | 22010 |
| | AFS | 18323424 | 18323424 | 0 |
| | Grant Statement | 18345434 | 21509000 | -3163566 |
| വികസനഫണ്ട് (എസ്.സി.പി) | ACR | 15190126 | 14829442 | 360684 |
| | AFS | 14829442 | 14829442 | 0 |
| | Grant Statement | 15190126 | 15889000 | -698874 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | ACR Bank | 4762407 | 4762407 | 0 |
| | AFS | 4752178 | 4762407 | -10229 |
| | Grant Statement | 4762407 | 4762407 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | ACR | 11591381 | 10465620 | 1125761 |
| | AFS | 10834924 | 10465620 | 369304 |
| | Grant Statement | 11591381 | 10465620 | 1125761 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ACR | 9235087 | 8703671 | 531416 |
| | AFS | 8132671 | 8132671 | 0 |
| | Grant Statement | 9235087 | 8132671 | 1102416 |

2) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

4) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 2436157/- രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുകകൾ ഇനം തിരിച്ച് ഏതൊക്കെ പ്രോജക്റ്റുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കി തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും കോർപ്പറേഷനിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ ഉൾപ്പെടെ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്യാതെ തുക ബാക്കി

നിൽക്കുന്നു. 2021-22 വർഷത്തെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 & 320700104 | ബ്ലോക്ക് പഞ്ചായത്ത് | 1579541 |
| 2 | 320700301 | മുനിസിപ്പൽ കോർപ്പറേഷൻ | 1700000 |

6) ജില്ലാ പഞ്ചായത്ത് വിഹിതം AFS പ്രകാരം വരവ് ചെലവ് 1289820/- രൂപയാണ്. സുലേഖ പത്രിക പ്രകാരം വരവ് ചെലവ് 1845570/- രൂപ. സ്നേഹ സ്പർശം പദ്ധതിയ്ക്കായുള്ള ജില്ലാ പഞ്ചായത്ത് വിഹിതം 555750/- രൂപ AFS ൽ ഉൾപ്പെട്ടിട്ടില്ല.

7) കേരള വാട്ടർ അതോറിറ്റിയിൽ 4710000/- രൂപയും KSEB-യിൽ 718104/- രൂപയും വിവിധ പദ്ധതികൾക്കായി ഡിപ്പോസിറ്റ് നൽകിയിട്ടുണ്ട്. ഡിപ്പോസിറ്റ് ഹെഡ് മുഖേനയല്ല പ്രസ്തുത തുക ചെലവഴിച്ചത്.

8) കേരള വാട്ടർ അതോറിട്ടിയിൽ മുന്നിരിപ്പായി 2638987/- രൂപ അവശേഷിക്കുന്നു. തൻവർഷം 4710000/- രൂപ നല്കിയിട്ടുണ്ട്. തൻവർഷത്തെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ 5610000/- രൂപ ബാലൻസ് നിലനില്ക്കുന്നു. ബാലൻസ് തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആസ്തി രൂപീകരണത്തിനായി നൽകിയ പാർട്ട് ബിൽ 574762/- രൂപ മാത്രമാണ്. എന്നാൽ Capital Work In Progress B-11(b) ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

10) B-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque ശീർഷകത്തിൽ 2048826/- രൂപ അവശേഷിക്കുന്നു.

11) ബാലൻസ് ഷീറ്റ് B-18 ഹെഡിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം.

12) KSEB മുന്നിരിപ്പ് 4942250/-, തൻവർഷ ഡെപ്പോസിറ്റ് 718104/-, ആകെ 5660354/- രൂപ, UC ലഭിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് തുക 5660354/- രൂപയ്ക്കു പകരം 6019734/- രൂപ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

<u>മറുപടി</u>

1. ബേസിക് ഗ്രാന്റിന്റെ പലിശ ഇനത്തിൽ വരവായി വന്ന തുകയും അലോട്ട്മെന്റ് പ്രകാരം ബാക്കി നിൽക്കുന്ന തുകയും ACR ൽ ഉൾക്കൊള്ളിക്കുന്നതാണ് വ്യത്യാസത്തിന് കാരണം. കൂടാതെ Tied Grant Allotment E-gram Swaraj വെബ്സൈറ്റ് മുഖേന PFMS പോർട്ടൽ വഴി ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നു. RP-31-ൽ Tied ഫണ്ട് ട്രഷറിയിൽ അലോട്ട്മെന്റ് ലഭ്യമായ തുക ബാങ്കിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് രസീത് ആകുന്നതും വ്യത്യാസത്തിന് കാരണമായി ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിശദീകരിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ 2020 വർഷം BIMS വഴി പേയ്മെന്റ് ആയ തുക സോഫ്റ്റ്‌വെയർ അപാകത മൂലം 2021-22 സാമ്പത്തിക വർഷത്തെ ACR -ൽ ഉൾപ്പെട്ടതാണ് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിന്റെ വ്യത്യാസത്തിന് കാരണം.

2. ILGMS സോഫ്റ്റ്‌വെയറിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി അക്കൗണ്ട്സിൽ ഉൾപ്പെടുത്താൻ സംവിധാനം ഇല്ല എന്ന് അറിയിച്ചു.

3. ILGMS സോഫ്റ്റ്‌വെയറിൽ B 14 ഷെഡ്യൂളിൽ ഉൾപ്പെടുത്താനുള്ള സംവിധാനം ലഭ്യമായിട്ടില്ല.

4. ജലജീവൻ മിഷന് വേണ്ടിയുള്ള ഗുണഭോക്തൃവിഹിതം വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്ന മുറയ്ക്ക് ബാലൻസ് ഷീറ്റിൽ കുറവ് ചെയ്യുന്നതാണെന്ന് അറിയിച്ചു.

5. മറുപടി ലഭ്യമാക്കിയിട്ടില്ല.

6. സ്നേഹസ്പർശം പദ്ധതിയ്ക്കുള്ള തുക 555750/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തതാണ് വ്യത്യാസത്തിന് കാരണമെന്ന് അറിയിച്ചു.

7. ILGMS സോഫ്റ്റ്‌വെയറിൽ വഴി പേയ്മെന്റ് രേഖപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന സാങ്കേതികത്വം കാരണമാണ് ഡെപ്പോസിറ്റ് ഹെഡിൽ ബാലൻസ് കൂടി വരുന്നത് എന്ന് അറിയിച്ചു.

8. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, തുക തിരികെ വന്നത് എന്നിവ കണക്കാക്കിയാണ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിച്ചു. വിനിയോഗ തുകയുടെ (930433) വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

9. E-bill വൗച്ചർ വഴി ILGMS സോഫ്റ്റ്‌വെയറിൽ പേയ്മെന്റ് രേഖപ്പെടുത്തിയതിനാലാണ് വ്യത്യാസം എന്ന് അറിയിച്ചു.

10. നിലവിൽ 636192/- രൂപ അവശേഷിക്കുന്ന എന്നും പേയ്മെന്റ് നടത്തിയതിൽ അക്കൗണ്ടിലെ പിശക് മൂലമാണ്

അപാകത സംഭവിച്ചതെന്നും അറിയിച്ചു.

11. മറുപടി ലഭ്യമാക്കിയില്ല.

12. 2019-20 -ൽ KSEB -ൽ ഡെപ്പോസിറ്റ് ചെയ്യേണ്ട തുക ഹെഡ് മാറി KWA യിൽ പോസ്റ്റ് ചെയ്തു. ആയത് Prior Period Expense Head-ൽ പോസ്റ്റ് ചെയ്തതാണ് വ്യത്യാസത്തിന് കാരണമായി അറിയിച്ചത്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും മറുപടി ലഭ്യമാക്കാത്ത പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ( ജനറൽ) | 0 | 18345434 | 18345434 | 21509000 | -3163566 |
| വികസനഫണ്ട് ( എസ്.സി.പി) | 0 | 15190126 | 15190126 | 15889000 | -698874 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 11591381 | 11591381 | 10465620 | 1125761 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4762407 | 4762407 | 4762407 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9954000 | 9954000 | 8023692 | 1930308 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 9235087 | 9235087 | 8132671 | 1102416 |

A) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ വ്യത്യാസമുണ്ട്. ഖണ്ഡിക 1-2-1 ൽ വിശദീകരിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

B) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി എന്നീ ഫണ്ടുകളിൽ Source Deduction ഉൾപ്പെടെയുള്ള ചെലവ് തുകകൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ(റസീപ്റ്റ് & പേയ്മെന്റ്) പ്രസ്തുത ചെലവ് ഉൾപ്പെടുന്നില്ല .

C) സി എഫ് സി ടൈഡ് ഗ്രാന്റ് അൺടൈഡ് ഗ്രാന്റുകൾ E-gram Swaraj എന്ന വെബ്സൈറ്റ് വഴി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതിനാലും ബാങ്ക് വഴിയും ട്രഷറി വഴിയും ചെലവ് ചെയ്യുന്നതിനാലും ബാങ്കിൽ ഉള്ള തുകയ്ക്ക് പലിശ ലഭിക്കുന്നതിനാലും ഇത്തരത്തിൽ വ്യത്യാസം എ സി ആറിലും എ എഫ് എസിലും നിലനില്ക്കുന്നു എന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക്(32/19.01.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

D) ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 5194792 | 4721506 | 90.88% |
| | പട്ടിക ജാതി | 570000 | 220000 | 38.59% |
| സേവനം | പൊതുവിഭാഗം | 17357917 | 16587494 | 95.56% |
| | പട്ടിക ജാതി | 16111225 | 15669000 | 97.25% |
| പശ്ചാത്തലം | പൊതുവിഭാഗം | 260000 | 200000 | 76.92% |
| | പട്ടിക ജാതി | 0 | 0 | 0 |

E) സംയുക്ത പ്രോജക്റ്റുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്റ്റുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത

പ്രോജക്ടുകൾക്ക് ബ്ലോക്ക്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വർഷത്തെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 & 320700104 | ബ്ലോക്ക് പഞ്ചായത്ത് | 1579541 |
| 2 | 320700301 | മുനിസിപ്പൽ കോർപ്പറേഷൻ | 1700000 |

F) സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 4211336 | 4004336 | 95.08% |
| കുട്ടികൾ | 1034693 | 1034629 | 99.99% |
| വൃദ്ധർ | 1478366 | 1478366 | 100% |
| ഭിന്നശേഷിയുള്ളവർ | 842800 | 842800 | 100% |
| മറ്റ് ദുർബല വിഭാഗങ്ങൾ | 60000 | 60000 | 100% |
| പാലിയേറ്റീവ് കെയർ രോഗികൾ | 1060000 | 1060000 | 100% |
| യുവജന വികസനം | 400000 | 100000 | 25% |

## 1-4 പദ്ധതി അവലോകനം

2021-22 ൽ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | അടങ്കൽ | | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|
| | | ആകെ | നടപ്പാക്കിയത് | നടപ്പാക്കാത്തവ | വകയിരുത്തൽ | ചെലവ് | |
| 1 | കൃഷി ഓഫീസർ | 11 | 10 | 1 | 1769792 | 1296506 | 90 |
| 2 | വെറ്ററിനറി സർജൻ | 6 | 5 | 1 | 1545000 | 1545000 | 100 |
| 3 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 2 | - | 300000 | 300000 | 100 |
| 4 | മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 8 | 8 | - | 2315821 | 2315821 | 100 |
| 5 | മെഡിക്കൽ ഓഫീസർ- ആയുർവേദം | 8 | 8 | - | 3100000 | 3100000 | 100 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | - | 3652991 | 3652991 | 100 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 13 | 2 | 4465446 | 3955382 | 92.3 |
| 8 | സെക്രട്ടറി | 39 | 29 | 10 | 17385654 | 15967342 | 74 |
| 9 | വി.ഇ.ഒ. | 23 | 20 | 3 | 16975077 | 15987284 | 86 |
| 10 | എച്ച്.എം. | 5 | 5 | - | 414480 | 414480 | 100 |
| 11 | ഫിഷറീസ് | 4 | 4 | - | 52929 | 52929 | 100 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 43 | 9 | 18185846 | 15176377 | 82 |
| 13 | ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | - | 200000 | 200000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 184 | 158 | 26 | 70363036 | 63964112 | |

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 2 | 4080 |
| കർഷക തൊഴിലാളി പെൻഷൻ | 287 | 4184800 |
| വിധവ പെൻഷൻ | 1966 | 29031200 |
| വാർദ്ധക്യകാല പെൻഷൻ | 4240 | 58971800 |
| വികലാംഗപെൻഷൻ | 553 | 8329200 |
| വിവാഹ ധനസഹായം | 20 | 600000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 60 | 843600 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 1072699 | 1072699 | 173800 | 898899 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 59766683 | 59766683 | 59766683 | 0 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023, 12.30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6814/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 05.05.2022 | 01/01/2021 മുതൽ 31/03/2022 വരെ | 07.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2021 | 2007-08 മുതൽ 2011-12 വരെ | 12.09.2012 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2) ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നുണ്ട്. മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3) ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

4) 2021-22 ലെ വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

7) നികുതി, വരുമാന ശേഖരണം, ലൈസൻസ് നൽകൽ എന്നീ വിഷയങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-10 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - സംബന്ധിച്ച് -

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലാത്തതും, ചട്ടം 5(1) പ്രകാരം പുതുക്കേണ്ടതുമാണ്. ഒരു സ്ഥാപനം

പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും അവയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരവും ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷൻ ഇല്ലാതെയും പുതുക്കാതെയും ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | |
|---|---|---|---|
| | | സ്വകാര്യം | മറ്റുള്ളവ |
| 1 | ഡയറിഫാം | 5 | 5 |
| 2 | ഗോട്ട് ഫാം | 10 | - |
| 3 | ഇറച്ചിക്കോഴി | 5 | 5 |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 36 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പെട്രോൾ പമ്പ്, ഓഡിറ്റോറിയം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ചുവടെ കൊടുത്തിട്ടുള്ള എണ്ണം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| സ്ഥാപനം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള എണ്ണം | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ളവ |
|---|---|---|
| പെട്രോൾ പമ്പ് | 4 | 2 |
| ഓഡിറ്റോറിയം | 6 | 2 |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 35 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത് ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ എല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്തിന്റെ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ 530 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് രജിസ്റ്ററിൽ 483 സ്ഥാപനങ്ങൾ മാത്രമേയുള്ളൂ. മേൽ അപാകത പരിഹരിച്ച് ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ്.

## 1-14 മാർക്കറ്റ് & ഷോപ്പിംഗ് കോംപ്ലക്സ് - തനതു വരുമാനം ഉയർത്തുവാൻ നടപടികൾ സ്വീകരിക്കണം

2021-22 സാമ്പത്തിക വർഷത്തിൽ ലേല നടപടികളിലൂടെ ലഭ്യമായ വരുമാനത്തിന്റെ പരിശോധനയിൽ മുൻ വർഷങ്ങളിലെ ചില ലേല ഇനങ്ങൾ ഉൾപ്പെട്ടതായി കാണുന്നില്ല.

* കടവൂർ മൃഗാശുപത്രി കെട്ടിട കോമ്പൗണ്ടിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിന്റെ അവകാശം
* പി.എച്ച്.സിയിലെ മരങ്ങളിൽ നിന്നുള്ള ആദായം
* കുറക്കോട് പമ്പ് ഹൗസ് സൈറ്റിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിലെ ആദായം

* മുരുക്കുംപുഴ ആശുപത്രി കെട്ടിട സ്ഥലത്തുള്ള തെങ്ങുകളിലെ ആദായം
* ഷോപ്പിംഗ് കോംപ്ലക്സിലെ FF VI, FF IX, FF IV, FF XI എന്നീ മുറികളുടെ വാടക
ലേല ഇനങ്ങൾ ഉൾപ്പെടാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല നടപടികൾക്ക മുമ്പായി ലേലം ചെയ്യേണ്ടവ ലിസ്റ്റ് ചെയ്യപ്പെടേണ്ടതിനും, മുറികളുടെ അറ്റകുറ്റപ്പണികൾ മുൻകൂറായി നടത്തി ലേലത്തിന് സജ്ജമാക്കുന്നതിനും ഉദ്യോഗതലത്തിലും ഭരണസമിതിതലത്തിലും ശ്രദ്ധ നൽകേണ്ടതാണ്.

## 1-15 തൊഴിൽ നികുതി അപാകങ്ങൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ താഴെകൊടുക്കുന്നു.

1-15-1 കരാറുകാർ – തൊഴിൽ നികുതി അടച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2021-22 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ 16 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15-2 ഓഡിറ്റോറിയം- ഹാൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ വിവാഹങ്ങൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. MSR ഓഡിറ്റോറിയം
2. പാന്തർ ജമാഅത്ത് ഹാൾ
3. കാർത്തിക ഓഡിറ്റോറിയം
4. കോട്ടക്കരി ജമാഅത്ത് ഹാൾ
5. കടവൂർ മഹാദേവർ ട്രസ്റ്റ് – ശ്രീശൈലം ഓഡിറ്റോറിയം
6. കാളകണ്ഠേശ്വരം ക്ഷേത്രം ഓഡിറ്റോറിയം
7. വാലിക്കോണം ഭദ്രകാളിക്ഷേത്രം ട്രസ്റ്റ് ഓഡിറ്റോറിയം
8. സഫ കൺവെൻഷൻ സെന്റർ
9. KMC സെന്റർ

എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററുകളിൽ കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27) ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15-3 ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല

(A) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2) മുതൽ 3(11) വരെ എന്നിവ പ്രകാരം ഡോക്ടർമാർ പ്രതിവർഷം 2500/- രൂപ നിരക്കിൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. എന്നാൽ മംഗലപുരം പഞ്ചായത്തിൽ നാഷണൽ ഹൈവേയുടെ അരികിൽ സ്ഥിതി ചെയ്യുന്ന പാണക്കാട് തങ്ങൾ മെമ്മോറിയൽ ആശുപത്രി ലൈസൻസ് എടുക്കുകയോ ഡോക്ടർമാർ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

(B) താഴെപറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും, ഡോക്ടർമാർ ആരും തൊഴിൽ നികുതി അടച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 ) മറുപടി ലഭ്യമായില്ല. പ്രസ്തുത വ്യക്തികളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം. | പേര് | സ്ഥാപനം | ലൈസൻസ് നം. |
|---|---|---|---|
| 1 | ഷമീംജമാൽ | ഡെന്റൽ ക്ലിനിക് | 442 |

| | | | |
|---|---|---|---|
| 2 | A.നാസറുദീൻ | അൽനിയാദി ഹോസ്പിറ്റൽ | 497 |
| 3 | ദിവ്യാ | ഡെന്റൽ ക്ലിനിക് | 38 |
| 4 | ജസീർ | ബ്രൈറ്റ് കെയർ ദന്താശുപത്രി | 80 |
| 5 | ജാക്സൺ ഡിസിൽവാ | ഹോമിയോ ഡിസ്പൻസറി | 121 |
| 6 | ഡോ.ഷെറിൻ.V.R. | ഡെന്റൽ ക്ലിനിക് | 158 |
| 7 | നബീൽ അബ്ദുൽ വാഹിദ് | ഡെന്റൽ ക്ലിനിക് | 231 |

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ധനസഹായം. |
| പദ്ധതി നമ്പർ | 13/21 |
| പദ്ധതി അടങ്കൽ | 7,95,000/- (വികസന ഫണ്ട് എസ്‌സിപി) |
| പദ്ധതി ചെലവ് | 7,85,000/- (വികസന ഫണ്ട് എസ്‌സിപി) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന കോഴ്സ് പരിഗണിച്ച് സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. എന്നാൽ പ്രോജക്ട് ഫയൽ, ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അഖില ചന്ദ്രൻ എന്ന വിദ്യാർത്ഥി പോളിടെക്നിക് ഡിപ്ളോമാ കോഴ്സിനാണ് പഠിക്കുന്നത്. ടി വിദ്യാർത്ഥിക്ക് ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.5 പ്രകാരം അർഹമായ പ്രതിവർഷ സ്കോളർഷിപ്പ് 20000/- രൂപയാണ്. എന്നാൽ ടിയാൾക്ക് 25000/- രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി നല്കിയ തുക വരും വർഷത്തെ സ്കോളർഷിപ്പ് തുകയിൽ കുറവു ചെയ്യുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 1) ലഭ്യമാക്കിയ മറുപടിയിൽ അസി.സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
2. സനം.A.B. എന്ന MBBS വിദ്യാർത്ഥിക്ക് 2018 മുതൽ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് കിട്ടുന്നുണ്ട് എന്ന് കോളേജ് പ്രിൻസിപ്പൽ നൽകിയ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.6 പ്രകാരം, സർക്കാർ വകുപ്പിൽ നിന്ന ആനുകൂല്യം കിട്ടുന്നവർ ടി സ്കോളർഷിപ്പിന് അർഹരല്ല. എന്നാൽ ടിയാൾക്ക് പഞ്ചായത്തിൽ നിന്ന് 30000/- രൂപ പ്രതിവർഷ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ടിയാൾക്ക് ഇ-ഗ്രാന്റ്സ്സ് കോളർഷിപ്പ് കിട്ടുന്നില്ല എന്ന് ടിയാൾ അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് (നം. 1) ലഭ്യമാക്കിയ മറുപടിയിൽ അസി.സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം സാധൂകരിക്കുന്ന രേഖകൾ ഒന്നും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.
3. വിഷ്ണു.V.R. എന്ന എൻജിനീയറിംഗ് വിദ്യാർത്ഥി ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ളതായി കോളജ് പ്രിൻസിപ്പൽ നൽകിയ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടിയാൾക്ക് പഞ്ചായത്തിൽ നിന്ന് 25000/- രൂപ പ്രതിവർഷ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ടിയാൾക്ക് ഇ-ഗ്രാന്റ്സ്സ് കോളർഷിപ്പ് കിട്ടുന്നില്ല എന്ന് ടിയാൾ അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് (നം. 1) ലഭ്യമാക്കിയ മറുപടിയിൽ അസി.സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം സാധൂകരിക്കുന്ന രേഖകൾ ഒന്നും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്തുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) എന്ന പ്രോജക്ട് പ്രകാരം എഗ്രിമെന്റ് വച്ച്, ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | പേര് | നിലവിലെ സ്ഥിതി | കൈപ്പറ്റിയ തുക (രൂപ) | കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ശശികല,കൽപ്പകമംഗലം | ആരംഭിച്ചിട്ടില്ല | 80000 | 13-7-20 |
| 2 | സിമിമോൾ വെട്ടുവിള | അടിസ്ഥാനം | 200000 | 29-12-21 |
| 3 | ശ്യാമ.S.S,ഊരുക്കോണം | ആരംഭിച്ചിട്ടില്ല | 40000 | 23-3-21 |
| 4 | സിജിമോൻ | ലിന്റൽ | 300000 | 9-1-21 |

| | | | | |
|---|---|---|---|---|
| 5 | പ്രേമ,വിഷ്ണുമംഗലം | ആരംഭിച്ചിട്ടില്ല | 40000 | 20-1-22 |

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലായെങ്കിൽ ഇതിനായി അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കരാറിൽ ഏർപ്പെട്ടതിന്റെയും ആദായനികുതി ഈടാക്കിയതിന്റെയും രേഖകൾ ഇല്ല

2021-22 സാമ്പത്തിക വർഷത്തിൽ മംഗലപുരം ഗ്രാമപഞ്ചായത്തിലെ സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി 100% സബ്സിഡിയിൽ 1000 ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി വെമ്പായം, നരിക്കല്ലിലെ അമ്പാടി എഗ്ഗർ നഴ്സറിയിൽ നിന്നും ഇൻവോയ്സ് നം. 31 /15.1.2022 പ്രകാരം 5,10,600/- രൂപയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിരുന്നു. സ്റ്റോർ പർച്ചേസ് മാനുവൽ ഖ.9.60-9.62 പ്രകാരം, ഒരു ലക്ഷം രൂപയ്ക്കു മുകളിൽ സാധനങ്ങൾ വാങ്ങുമ്പോൾ വിതരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ അത്തരം ഒരു കരാർ ഫയലിൽ ലഭ്യമല്ല. 1961 ലെ ആദായനികുതി നിയമത്തിലെ 194 (C) പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30000/- രൂപയിൽ കൂടുതൽ പെയ്മെന്റ് നടത്തുമ്പോൾ 1% ആദായനികുതി TDS ആയി കുറവ് ചെയ്യേണ്ടതാണ്. ഇവിടെ അപ്രകാരം ചെയ്തിട്ടില്ല. ആദായനികുതി TDS ആയി കുറവ് വരുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | S0043/22 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 875000/- രൂപ (വി.ഫ (പൊ.വി) |
| ചെലവ് | ബിൽ നം. 230/06.12.2021, 387500/- രൂപ<br>ബിൽ നം. 230/06.12.2021, 487500/- രൂപ |

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ 18 മാസത്തേക്ക് കാലിത്തീറ്റ നൽകുന്നു. 70 ഗുണഭോക്താക്കളെ ഗ്രാമസഭാ ലിസ്റ്റ് പ്രകാരം അംഗീകരിച്ച് പരമാവധി 12500/- രൂപ സബ്സിഡി നിരക്കിൽ കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റ നൽകുന്നതാണ് പ്രോജക്ട്. ഇപ്രകാരം സബ്സിഡി തുക ആയ 8,75,000/- രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

തൻവർഷം തുക കൈമാറിയതിൽ കാലിത്തീറ്റ വിതരണം മുടങ്ങിയിട്ടുണ്ടെങ്കിൽ (കന്നുകുട്ടികൾ ചത്ത് പോവുക, ഉടമ കന്നുകുട്ടികളെ വിൽക്കുക തുടങ്ങിയ സാഹചര്യങ്ങൾ) ആയതിന് ആനുപാതികമായ തുക മൃഗസംരക്ഷണ വകുപ്പിൽ നിന്ന് തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഇത്തരം സന്ദർഭങ്ങൾ ഉണ്ടായിട്ടും തുക തിരികെ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ലെങ്കിൽ അതിന്മേൽ സ്വീകരിച്ച വിവരവും, വിനിയോഗ സാക്ഷ്യപത്ര വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/19.01.2023) മറുപടി ലഭിച്ചിട്ടില്ല.
മേൽ വിഷയങ്ങളുടെ വിശദാംശങ്ങളും അതോടൊപ്പം പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. നൽകിയ തുക പൂർണ്ണമായും വിനിയോഗിക്കുന്നുണ്ട് എന്നും അല്ലാത്തപക്ഷം വിനിയോഗിക്കാത്ത തുക തിരികെ പഞ്ചായത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 ജലജീവൻ പദ്ധതി-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 148 (ജലജീവൻ പദ്ധതി) |
| നിർവ്വഹണം | വി.ഇ.ഒ സർക്കിൾ II |
| അടങ്കൽ | 5157262/- രൂപ<br>[830086/- രൂപ (വി.ഫ(പൊ.വി),<br>2000356/- രൂപ (ഗുണഭോക്തൃവിഹിതം),<br>2326820/- രൂപ (തനതുഫണ്ട്)] |
| ചെലവ് | 830086/- (ബിൽ നം. 267/30-12-21) |

ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക കണക്ഷൻ ഇല്ലാത്ത എല്ലാ വീടുകളിലും ഗാർഹിക കണക്ഷൻ നൽകുന്നതിനായി എസ്റ്റിമേറ്റ് തുകയുടെ 15% ഗ്രാമപഞ്ചായത്ത് വഹിക്കുന്നതിനും 10% ഗുണഭോക്താവ് ഗുണഭോക്തൃ

വിഹിതമായി ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിക്കായി 830086/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്ന് 1279/- രൂപ വീതം ആകെ 2421147/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട് (2020-21 സാമ്പത്തിക വർഷം വരെ). എന്നാൽ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല.

2. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിയുമായി കരാർ വച്ചിട്ടില്ല.

3. പ്രോജക്ടിന്റെ Detailed Project Report വാട്ടർ അതോറിറ്റി നൽകിയിട്ടില്ല.

4. നാളിതുവരെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

5. വാട്ടർ അതോറിറ്റിയിൽ അടച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയുമായി കരാർ വച്ചിട്ടില്ലായെന്നും, പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം നൽകിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നം. 28). പദ്ധതി പൂർത്തീകരണത്തിന് ഗുണഭോക്തൃ വിഹിതം വിനിയോഗിക്കേണ്ടതാണെന്നിരിക്കെ ആയത് ചെലവഴിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. അപാകത പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 GST-ടി.ഡി.എസ് കണക്കാക്കി ഈടാക്കിയില്ല.

| | |
|---|---|
| പദ്ധതിയുടെ നം., പേര് | 7, പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| അടങ്കൽ തുക (രൂപ) | 160000/- |
| ഫണ്ടിനം | വികസനഫണ്ട് (SCP) - 120000/- രൂപ, മറ്റുള്ളവ 40000/- രൂപ |
| ചെലവ് (രൂപ) | 159500/- [വികസനഫണ്ട് (SCP) - 120000/- രൂപ, മറ്റുള്ളവ 39500/- രൂപ} |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം./തീയതി | 244/18-12-21, 120000/- രൂപ |

മേൽ പദ്ധതി പ്രകാരം SR ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപയിലൂടെയാണ് വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. SELTEC White Colour 3 Layer Water Tank 500 Litre വാട്ടർ ടാങ്കിന് എല്ലാ നികുതികളും ഉൾപ്പെടെയുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത് എന്ന്ടെണ്ടർ വ്യവസ്ഥയിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ SR ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറിലോ, ക്യാഷ് ബില്ലിലോ GST യെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 9(3), 9(4), 9(5) എന്നിവ പ്രകാരം, ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി/സ്ഥാപനം, ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തി/സ്ഥാപനത്തിൽ നിന്ന് ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ, ആ സപ്ലൈയുമായി ബന്ധപ്പെട്ട നികുതി റിവേഴ്സ് ചാർജ്ജ് തത്വപ്രകാരം സ്വീകർത്താവ് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. സ.ഉ. (പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. എന്നാൽ, മേല്പറഞ്ഞ ബില്ലുകളിൽ അപ്രകാരം ചെയ്തതായി കാണുന്നില്ല. കേന്ദ്ര സർക്കാർ വിജ്ഞാപനം നം.10/2019/Central Tax തീയതി. 07-03-19 പ്രകാരം സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ വാർഷിക ടേൺ ഓവർ 40 ലക്ഷം രൂപ വരെയുള്ളവയെ GST യിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാലാണ് ടി.ഡി.എസ് പിടിക്കാഞ്ഞത് എന്ന് ഓഡിറ്റ് എൻക്വയറി നം.3 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ മറുപടി അംഗീകരിക്കാൻ കഴിയില്ല. മേലിൽ വാങ്ങലുകൾ നടത്തുമ്പോൾ, ടെണ്ടർ ഷെഡ്യൂൾ അനുസരിച്ചുള്ള ബില്ലുകൾ മാത്രം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പി.എച്ച്.സി.യുടെ വിവിധ പ്രോജക്ടുകൾക്ക് മരുന്ന് ലഭ്യമായിട്ടില്ല

(1)

| | |
|---|---|
| പ്രോജക്ട് നം. | S0053/22 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1880820/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 1880820/- രൂപ |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം (ബിൽ നം. 281/10.01.22 – 174912/- രൂപ, ബിൽ നം. 407/14.02.22 – 11440/- രൂപ, ബിൽ നം. 500/16.03.22 – 50560/- രൂപ) ബിൽ നം. 558/23.3.2022 ന് 43908/- രൂപ, ബിൽ നം. 519/17.3.2022 ന് 1300000/- രൂപ, ബിൽ നം. 32/1.7.2021-ന് 300000/- രൂപ എന്നിങ്ങനെ തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയിരുന്നു. നാളിതുവരെയും മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. പലതവണ ഫോൺ മുഖാന്തിരവും, ഇ-മെയിൽ മുഖാന്തിരവും ബന്ധപ്പെട്ടെങ്കിലും സ്റ്റോക്ക് വരുമ്പോൾ മരുന്ന് ലഭ്യമാക്കാമെന്ന് അറിയിച്ചതായി ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2)

| | |
|---|---|
| പ്രോജക്ട് നം. | S0051/22 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ 2021-22 |
| അടങ്കൽ | 1615821/- രൂപ<br>(വികസന ഫണ്ട് - പൊ.വി, സാ.വി-860000/-,<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 455821/-),<br>ബ്ലോക്ക് പഞ്ചായത്ത് – 3,00,000/- |
| ചെലവ് | 1315821/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

മേൽ പദ്ധതി പ്രകാരം ബിൽ നം.335/29.1.2022 പ്രകാരം 2,19,992/- രൂപ കെ.എം.എസ്.സി.എൽ-ന് കൈമാറുകയും ആയതിന് മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലാത്തതുമാകുന്നു. കൂടാതെ ബിൽ നം.80/13.8.2021 പ്രകാരം 3,00,000/- രൂപയും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയിട്ടുള്ളതിൽ 73511/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കാൻ പലതവണ അറിയിച്ചെങ്കിലും സ്റ്റോക്ക് ഇല്ലാത്തതിനാൽ ലഭ്യമാക്കാത്തതാണെന്നും സ്റ്റോക്ക് ലഭ്യമാകുന്ന മുറയ്ക്ക് എത്തിക്കാമെന്നും അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം. 31 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ പൂർണമായി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നം. | S0025/22 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 200000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ബിൽ നമ്പർ | 168/20.10.2021 |

2021-22 വർഷത്തിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2,00,000/- രൂപ ഹോംകോയ്ക്ക് മേൽ ബിൽ പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ Invoice No. LF 1815 Dated 6.12.2021 പ്രകാരം 96310/- രൂപ, Invoice No. LF 2449 Dated 3.2.2022 പ്രകാരം 64565/- രൂപയുടെയും മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ നൽകിയ എൻക്വയറി നം. 14 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 പത്രപരസ്യം-ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്കുള്ള നിരക്ക് ജി.ഒ. (ആർ.ടി).നം.551/15 /I&PRD തീയതി 20.11.2015, ജി.ഒ. (പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ. (ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014, ജി.ഒ. (പി) നം.1/2019/I&PRD തീയതി 07.01.2019, ജി.ഒ. (പി) നം.2/2020/I&PRD തീയതി 10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം, തിരുവനന്തപുരം ജില്ലയിൽ കേരളകൗമുദി ദിനപത്രത്തിന്റെ പരസ്യ താരിഫ് 158രൂ/sq.cm ഉം,ദേശാഭിമാനിയുടേത് 57രൂ/sq.cm ആണ്. എന്നാൽ മംഗലപുരം ഗ്രാമ പഞ്ചായത്തിൽ ഇതിലും കൂടിയ നിരക്കിലുള്ള പരസ്യ താരിഫ് ആണ് നല്കിയിട്ടുള്ളത്. കൂടാതെ, പരസ്യങ്ങൾ പി.ആന്റ്.എ.ആർ.ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മംഗലപുരം ഗ്രാമ പഞ്ചായത്തിൽ കേരളകൗമുദി

ദിനപത്രത്തിൽ പരസ്യം നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം നം. | പത്രം | കോളം വലിപ്പം (Sq.cm) | ബിൽ തുക (രൂപ) | പരസ്യതാരിഫ് രൂപ/sq.cm | പരസ്യതീയതി |
|---|---|---|---|---|---|
| 1 | കേരളകൗമുദി | 64 | 19456 | 304 | 1-10-20 |
| 2 | കേരളകൗമുദി | 40 | 12160 | 304 | 11-10-20 |
| 3 | കേരളകൗമുദി | 24 | 7296 | 304 | 13-10-20 |
| 4 | കേരളകൗമുദി | 40 | 12160 | 304 | 5-5-21 |
| 5 | കേരളകൗമുദി | 32 | 10240 | 320 | 13-7-21 |
| 6 | കേരളകൗമുദി | 24 | 7680 | 320 | 14-7-21 |
| 7 | കേരളകൗമുദി | 40 | 12000 | 320 | 6-8-21 |
| 8 | കേരളകൗമുദി | 32 | 10240 | 320 | 1-9-21 |
| 9 | കേരളകൗമുദി | 24 | 7680 | 320 | 1-9-21 |
| 10 | കേരളകൗമുദി | 32 | 10240 | 320 | 3-11-21 |
| 11 | ദേശാഭിമാനി | 56 | 11200 | 200 | 6-5-21 |
| 12 | ദേശാഭിമാനി | 38 | 9600 | 200 | 14-7-21 |
| 13 | ദേശാഭിമാനി | 32 | 6400 | 200 | 2-9-21 |
| 14 | ദേശാഭിമാനി | 40 | 8000 | 200 | 2-9-21 |
| 15 | ദേശാഭിമാനി | 40 | 8000 | 200 | 2-9-21 |
| 16 | ദേശാഭിമാനി | 48 | 9600 | 200 | 18-12-21 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ (നം.10) കേരളകൗമുദി പത്രം ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്കിലാണ് തുക നല്കിയത് എന്ന വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ പരസ്യങ്ങൾക്ക് മേല്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള നിരക്കാണ് ബാധകം. അധിക നിരക്കിലുള്ള പരസ്യ താരിഫ്, കുറഞ്ഞ നിരക്കിലുള്ള ഡിസ്കൗണ്ട് എന്നിവ മൂലം അധികം നൽകിയ തുക ഭാവിയിലെ ബില്ലുകളിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 അനുപൂരക പോഷകാഹാര പദ്ധതി -സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ കൃത്യത ഇല്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ഭക്ഷ്യ ധാന്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിൽ കൃത്യത കാണുന്നില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പദ്ധതി നം./പേര് | എസ് 00 57 അനുപൂരക പോഷകാഹാര പദ്ധതി (Scp) |
| അടങ്കൽ തുക | 500000 /- |
| ചെലവ് തുക | 500000/- |
| ബിൽ നം തീയതി | 156/ 07-10-21, 111085/-<br>399/ 10-02-22, 166432/-<br>416/ 21.02.22,178060/-<br>464/ 2.3 .22, 44423/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

ബി)

| | |
|---|---|
| പദ്ധതി നം പേര് | എസ് 00 27 അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) |
| അടങ്കൽ തുക | 2961229/- രൂപ (വികസന ഫണ്ട് – 1487629/-,<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 73600/- രൂപ,<br>കേന്ദ്രാവിഷ്കൃത ഫണ്ട് – 1200000/- രൂപ,<br>തനത്ഫണ്ട് – 200000/- രൂപ) |

| | |
|---|---|
| ചെലവ് തുക | 2804497/- രൂപ (വികസന ഫണ്ട് – 1487629/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് – 1043268/- രൂപ,<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 73600/- രൂപ,<br>തനത്ഫണ്ട് – 200000/- രൂപ) |
| ബിൽ നം. തീയതി | 155/ 07-10-21, 1000000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരം അംഗൻവാടിയിലേക്ക് വാങ്ങിയ സാധനങ്ങളുടെ അളവും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഉള്ള അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ സ്റ്റോക്ക് | ബിൽ പ്രകാരം ആകെ സ്റ്റോക്ക് | വ്യത്യാസം | സാധനങ്ങളുടെ വില |
|---|---|---|---|---|---|
| 1 | നുറുക്ക് ഗോതമ്പ് | 740 Kg | 742<br>(ബിൽ നം-32321, 32322, തീയതി 5/6/21 | 2 Kg | 53/kg |
| 2 | പയർ | 618 Kg | 608<br>(ബിൽ നം-32321, 32322, തീയതി 5/6/21 | 10 Kg | 112/kg |
| 3 | കപ്പലണ്ടി | 64 Kg | 62,<br>(ബിൽ നം-32321, 32322, തീയതി 5/6/21 | 2 Kg | 150/kg |
| 4 | ഗോതമ്പ് പൊടി | 1520 Kg | 1572<br>(ബിൽ നം-32324, 323223, തീയതി 5/6/21 | 52 Kg | 50/kg |

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/11.01.2023) ബിൽ പ്രകാരമുള്ള സ്റ്റോക്ക് കൃത്യമാണെന്നും സ്റ്റോക്ക് എഴുതിയപ്പോൾ ഉണ്ടായ അപാകത കാരണമാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും, ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ അശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നതും സ്റ്റോക്കിലെ അളവുകളിലെ കൃത്യത ഇല്ലായ്മയും ഗുരുതരമായ വീഴ്ചയാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ പദ്ധതികൾക്ക് പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്. കൂടാതെ വിവിധ പ്രവൃത്തികൾക്കായി KSEB, KWA എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 1 | 94, DPC മന്ദിരം-<br>ഗ്രാമ പഞ്ചായത്ത് വിഹിതം | DPC | 200000 | 137/4-10-21 |
| 2 | സോഷ്യൽ സെക്യൂരിറ്റി മിഷൻ – ഗ്രാമ പഞ്ചായത്ത് വിഹിതം | സോഷ്യൽ സെക്യൂരിറ്റി മിഷൻ | 100000 | 133/4-10-21 |
| 3 | SSK വിഹിതം-ജനറൽ | SSK | 567848 | 128/28-9-21 |
| 4 | SSK വിഹിതം-SCP | SSK | 400000 | 129/28-9-21 |
| | | ആകെ | 1267848 | |
| 5 | തെരുവു വിളക്ക് ലൈൻ നീട്ടൽ | KSEB | 718104 | 598/29-3-22 |
| 6 | പൈപ്പ് ലൈൻ നീട്ടൽ | KWA | 990000 | 467/24-2-21 |
| 7 | പൈപ്പ് ലൈൻ നീട്ടൽ | KWA | 3720000 | 428/23-2-22 |
| | | ആകെ | 5428104 | |

20.01.2018 -ലെ സ.ഉ (കൈ) നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3 (ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1579541 | 1678240 | ന്യൂലൈഫ് ഇടവിളാക ലക്ഷം വീട് കോളനി പുനരുദ്ധാരണം (ജനറൽ) | 280000 | |
| | | | | ന്യൂലൈഫ് ഇടവിളാക ലക്ഷം വീട് കോളനി പുനരുദ്ധാരണം (SCP) | 342490 | |
| | | | | സ്നേഹ സ്പർശം | 555750 | |
| | | | | ക്ഷീര സമൃദ്ധി | 500000 | |
| ആകെ | | 1579541 | 1678240 | | 1678240 | 1579541 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 125 | 1845570 | ന്യൂലൈഫ് ഇടവിളാക ലക്ഷം വീട് കോളനി പുനരുദ്ധാരണം (ജനറൽ) | 560000 | |
| | | | | ന്യൂലൈഫ് ഇടവിളാക ലക്ഷം വീട് കോളനി പുനരുദ്ധാരണം (SCP) | 529820 | |
| | | | | സ്നേഹ സ്പർശം | 555750 | 0 |
| | | | | ക്ഷീര സമൃദ്ധി | 200000 | 0 |
| ആകെ | | 125 | 1845570 | | 1845570 | 125 |
| മുനിസിപ്പൽ കോർപ്പറേഷൻ | | 0 | 1700000 | ടേക്ക് എ ബ്രേക്ക് പദ്ധതി | 0 | 1700000 |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | മുൻബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച/വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 26,38,987 | 87/22 മംഗലപുരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ കളക്ഷൻ | 9,90,000 | 9,30,433/- രൂപയുടെ UC ലഭിച്ചു. 8,08,554/- രൂപ തിരികെ ലഭിച്ചു. | 56,10,000 |
| KWA | -- | 201/22 ജലജീവൻ മിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 37,20,000 | | |
| KSEB | 49,42,250 | 205/22, തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ | 7,18,104 | -- | 60,19,734 |

| | | | | | |
|---|---|---|---|---|---|
| ANERT | 8,80,000 | -- | -- | -- | 8,80,000 |

19-20 വർഷം കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്യേണ്ട തുക 3,59,380/- ഹെഡ് മാറി KWA ഹെഡിൽ അക്കൗണ്ട് ചെയ്തതിനാലാണ് ബാലൻസിൽ 3,59,380/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയത്. വാട്ടർ അതോറിറ്റിയിൽ നിന്നും UC ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 1230000 | 5091725 | 2449334 | - | 3872391 |

B 5 ഷെഡ്യൂളിൽ 330300101 ഹെഡിൽ 6,75,000/- രൂപ അവശേഷിക്കുന്നു. ആയതിന്റെ വിശദാംശം ലഭിച്ചിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2001-02 | 32 | 1500 | ശ്രീ രാജീവ്.ജി.വി, ക്ലാർക്ക് | 1210201650/02.02.2022 |
| 2 | 2001-02 | 32 | 1500 | ശ്രീമതി അജിത.എസ്, ക്ലാർക്ക് | 1210201651/02.02.2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 31789482 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117785255 |
| ആകെ | 149574737 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 112654109 |
| നീക്കിയിരിപ്പ് | 36920628 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 1<br>[34 (ഡി)] |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 1<br>[3-11] |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 1<br>[3-5] |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 2<br>[3-1, 3-3] |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 8<br>[3 (1, 2), 3 (6), 3 (7), 3 (9), 3 (15), 3 (16), 3 (17), 3 (19)] |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 8<br>[3 (3), 3 (4), 3 (5), 3 (9), 3 (11), 3 (13), 3 (15), 3 (16)] |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 2<br>[3 (1), 3 (4)] |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 9<br>[3 (4), 3 (5), 3 (6), 3 (8), 3 (9), 3 (10), 3 (14) (2), 3 (15), 3 (16)] |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 3<br>[3 (1), 3 (4), 3 (5)] |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 6<br>[2 (1) (ബി), 2 (1) (സി), 3 (1), 3 (2), 3 (5), 3 (8)] |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 3<br>[2 (1), 2 (2), 3 (3)] |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 1<br>[3 (1)] |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1906/2018 തീയതി. 16/10/2019 | 12 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1058/2019 തീയതി. 29/07/2020 | 26 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1731/2021 തീയതി. 04/03/2022 | 41 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1017/2022 തീയതി. 30/06/2022 | 32 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്